DESPATCHED
On 25/02/2020

10/01/20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic@kerala.nic.in

**ഹർജി നമ്പർ CP.No. 870(5)/18/SIC**

**തീർപ്പ് കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 12604/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

**ശ്രീമതി ഷീജ ഇ.വി.**
**ലക്ഷ്മി നിലയം,**
**നമ്പരുവികാല**
**ആലുംകടവ് പി.ഒ.,**
**കരുനാഗപ്പള്ളി,**
**കൊല്ലം – 690 573.** } പരാതിക്കാരി

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**കരുനാഗപ്പള്ളി പോലീസ് സ്റ്റേഷൻ,**
**കൊല്ലം – 690 518.** } എതിർകക്ഷി

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 21.09.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | ......... |
| കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ച തീയതി | 05.11.2018 |
| ഹിയറിംഗ് തീയതി, സ്ഥലം | 25.10.2019, കളക്ടറേറ്റ് കോൺഫറൻസ് ഹാൾ, കൊല്ലം |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. പരാതിക്കാരൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്.

1) 06.01.2018 ൽ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ പ്രേക്ഷിതാവ് നൽകിയ പരാതി കൈപ്പറ്റി അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും സ്ഥിരം മേൽവിലാസവും.

2) ടി പരാതിയിന്മേൽ കേസ് എടുത്തിട്ടുണ്ടോ? കേസ് എടുത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം.

3) ടി പരാതിയിന്മേൽ കേസ് എടുക്കണ്ടാ എന്ന് നിയമോപദേശം നൽകിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ടി ഉദ്യോഗസ്ഥൻ ഇപ്പോൾ എവിടെ സേവനം അനുഷ്ഠിക്കുന്നു എന്ന വിവരം. എന്നിങ്ങനെ 9 വിവരങ്ങളാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് മറുപടി ലഭ്യമാകാത്തതിനെ തുടർന്ന് പരാതിക്കാരൻ കമ്മീഷൻ മുമ്പാകെ പരാതി സമർപ്പിച്ചു. പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷി കളേയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു.

3. നേർവിചാരണയ്ക്ക് ഹാജരായ എതിർകക്ഷി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയത്, പരാതിക്കാരൻ 03.07.2018, 27.09.2018 എന്നീ തീയതികളിൽ സമർപ്പിച്ച അപേക്ഷയ്ക്ക് മറുപടി നൽകിയിരുന്നു എന്നും കമ്മീഷന്റെ നിർദ്ദേശം ലഭിച്ചതിനെ തുടർന്ന് ആയതിന്റെ പകർപ്പ് ടിയാരിക്ക് നേരിട്ട് നൽകി എന്നും അത്തരത്തിൽ രേഖാമൂലം എഴുതി നൽകിയ കത്ത് കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ചെയ്തു.

4. പരാതിക്കാരിക്ക് വിവരം ലഭ്യമായിട്ടുള്ളതിനാലും തുടർ പരാതിയില്ല എന്നറിയി ച്ചതിനാലും എതിർകക്ഷി നൽകിയ മറുപടി പരാതിക്കാരിക്ക് തൃപ്തികരമാണെന്ന് കമ്മീഷൻ വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത പരാതി ഹർജിയിന്മേൽ മറ്റ് നടപടികൾ ആവശ്യമില്ലാത്തതിനാൽ ഈ പരാതി ഹർജി **ഇന്നേ ദിവസം 2020 ജനുവരി മാസം 10 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.**

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

RIGHT TO INFORMAT